**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1626** **08-10-2021 - ൽ മറുപടിയ്ക്ക്**

**പാറക്കടവ് കൃഷി ഓഫീസിലെ ഭൂമിയുടെ തരം മാറ്റൽ അപേക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | Shri. P. Prasad (കൃഷി വകുപ്പ് മന്ത്രി) | |
| (എ) | എറണാകുളം ജില്ലയിലെ ആലുവ താലൂക്കിൽ ശ്രീമതി ഒ.പി. നാരായണി (പുത്തൻവീട്ടിൽ ഹൗസ്, കൊരട്ടി സൗത്ത്, ചിറങ്ങര) ഭൂമി തരം മാറ്റി ലഭിക്കുന്നതിനായി പാറക്കടവ് കൃഷി ഓഫീസിൽ അപേക്ഷ നൽകിയത് എന്നാണെന്നും പ്രസ്തുത അപേക്ഷ തീർപ്പാക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം എന്താണെന്നും വിശദമാക്കുമോ; | (എ) | ശ്രീമതി ഒ.പി. നാരായണി, പുത്തൻവീട്ടിൽ ഹൗസ്, കൊരട്ടി സൗത്ത്, ചിറങ്ങര എന്നവരുടെ ഭൂമി തരം മാറ്റുന്നതിനുള്ള അപേക്ഷ കൃഷി ഓഫീസറുടെ റിപ്പോർട്ടിനായി RDO ഓഫീസിൽ നിന്നും അപേക്ഷ 15/10/2020-തീയതിയിൽ ലഭിച്ചു. കൃഷി ഓഫീസറുടേയും, കൃഷി അസിസ്റ്റന്റുമാരുടേയും തസ്തിക ഒഴിഞ്ഞു കിടന്നിരുന്നത് കാരണമാണ്, പ്രസ്തുത അപേക്ഷയിന്മേൽ റിപ്പോർട്ട് വൈകിയതിന് കാരണമായിട്ടുള്ളത്. |
| (ബി) | പ്രസ്തുത അപേക്ഷയിൽ തീർപ്പ് കൽപ്പിക്കുന്നതിന് ഇനി എന്തൊക്കെ നടപടികൾ പൂർത്തീകരിക്കാൻ ഉണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത അപേക്ഷയിൽ തീർപ്പ കൽപ്പിക്കുന്നതിന് സ്ഥല പരിശോധന നടത്തി പ്രാദേശികതല നിരീക്ഷണ സമിതി ചേർന്ന് ടി അപേക്ഷയിൽ തീരുമാനം കൈക്കൊള്ളേണ്ടതുണ്ട്. |
| (സി) | ഇക്കാര്യത്തിൽ ചട്ടപ്രകാരം അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ? | (സി) | 30/10/2021-ന് മുമ്പായി ആവശ്യമായ പരിശോധന നടത്തി റിപ്പോർട്ട് നൽകുന്നതിന് പാറക്കടവ് കൃഷി ഭവന്റെ അധിക ചുമതലയുള്ള നെടുമ്പാശ്ശേരി കൃഷി ഓഫീസർക്ക് എറണാകുളം പ്രിൻസിപ്പൽ കൃഷി ഓഫീസർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ